പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4659 — 29.06.2012 ൽ മറുപടിയ്ക്ക്

**ഓരോ വർഷവും ആവശ്യമായ പ്രധാന രാസവളങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് ഓരോ വർഷവും ആവശ്യമായ പ്രധാന രാസവളങ്ങളായ പൊട്ടാഷ്, യൂറിയ, ഫാക്റ്റംഫോസ് എന്നിവയുടെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | **(എ)** കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഓരോ വർഷവും ശരാശരി 2,25,000 ടൺ യൂറിയ, 2,00,000 ടൺ പൊട്ടാഷ്, 2,24,000 ടൺ ഫാക്റ്റംഫോസ് എന്നിവ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. |
| **(ബി)** കേന്ദ്ര സർക്കാർ ഈ രാസവളങ്ങളുടെ വില ഇടയ്ക്കിടെ കൂട്ടുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇതു പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ പ്രധാനവിളകളായ നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ തുടങ്ങിയവയ്ക്ക് കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളിലുൾപ്പെടുത്തി 50% മുതൽ 100% വരെ സബ്സിഡി അനുവദിച്ചുകൊണ്ട് കർഷകർക്ക് സഹകരണ സംഘങ്ങൾ മുഖേന രാസവളം വിതരണം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ട്.<br>തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നടപ്പാക്കുന്ന കോക്കനട്ട് ബോർഡ് പദ്ധതി പ്രകാരം കേര കർഷകർക്ക് സൗജന്യമായി രാസവളം വിതരണം ചെയ്യുന്നുണ്ട്. ഇതിനുപുറമെ 08.11.11 മുതൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

കൂടാതെ രാസവളത്തിന്റെ വിലവർദ്ധനവ് കണക്കിലെടുത്ത് നെൽകൃഷിക്കാർക്ക് ഇപ്പോൾ നൽകി വരുന്ന പ്രൊഡക്ഷൻ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും അതിനുപുറമെ ഹെക്ടറിന് 1000/- രൂപ പ്രത്യേക സബ്സിഡിയായി അനുവദിക്കുവന്നതിനും വാഴക്കൃഷിക്ക് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ നൽകിവരുന്ന സബ്സിഡിക്കുപുറമെ ഹെക്ടറിന് 1000/- പ്രത്യേക സബ്സിഡിയായും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ